(ബി) ഉണ്ട്. 11 സ്വകാര്യ ഏജൻസികൾ പദ്ധതിയിൽ താൽപ്പര്യം പ്രകടിപ്പിക്കുകയും അതിൽ 7 പേർ ദർഘാസുകൾ സമർപ്പിക്കുന്നതിനായി റിക്വസ്റ്റ് ഫോർ പ്രൊപ്പോസൽ (ആർ.എഫ്.പി.) ഡോക്യുമെന്റ്സ് വാങ്ങിയിട്ടുണ്ട്. അവരുമായി പ്രാരംഭ ചർച്ചകൾ നടത്തിയിട്ടുണ്ട്. ദർഘാസുകൾ ലഭിച്ചതിനുശേഷമേ ഇതിൽ മുന്നോട്ട് പോകുവാൻ കഴിയുകയുള്ളു.

(സി) റിക്വസ്റ്റ് ഫോർ പ്രൊപ്പോസൽ ഡോക്യുമെന്റ്സ് വാങ്ങിയ തൽപരരായ ഏജൻസികളുടെ വിവരം ചുവടെ ചേർക്കുന്നു.

1. പോർട്ട് കോൺ ഇന്റർനാഷണൽ കൺസോർഷ്യം, സൗത്ത് ആഫ്രിക്ക.
2. ബെക്കറ്റ് റാക്കെൻ പാർട്ടനർഷിപ്പ്, ലണ്ടൻ.
3. എൽ. ആന്റ് റ്റി (ഇ.സി.സി) ഡിവിഷൻ, ചെന്നൈ.
4. ഐ.എൽ. ആന്റ് എഫ്.എസ്./മുംബൈ ഹിലി കമ്പനി മാർട്ടാ.
5. ഗാമൺ ഇൻഡ്യാ, മുംബൈ.
6. ആഫ്കോൺസ്, മുംബൈ.
7. അഡാനി പോർട്ട് അഹമ്മദാബാദ്.

പ്രാരംഭ ചർച്ചകളുടെ വെളിച്ചത്തിൽ ഇവർ പദ്ധതിയിൽ അതീവ തൽപ്പര്യം കാണിച്ചിട്ടുണ്ട്. ഇവരിൽ നിന്നും ദർഘാസുകൾ ലഭിക്കുന്നത് അനുസരിച്ചായിരിക്കും മേൽ നടപടികൾ സ്വീകരിക്കുക.

(ഡി) ദർഘാസുകളടങ്ങിയ അവരുടെ പ്രൊപ്പോസലുകൾ പരിശോധിച്ചതിനുശേഷം മാത്രമെ ഈ പദ്ധതി എന്ന് പ്രാവർത്തികമാക്കാൻ കഴിയുമെന്ന് പറയാൻ സാധിക്കുകയുള്ളു.

പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ പ്രവർത്തനം

*8 [238] ശ്രീ. കെ. വി. കുഞ്ഞിരാമൻ:
,, രാജു എബ്രഹാം:
,, കെ. കെ. ജയചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ബി) വായ്പാ സംഘങ്ങളുടെ പ്രവർത്തനം വിലയിരുത്തുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) സംസ്ഥാന/ജില്ലാ സഹകരണ ബാങ്കുകളുടേയും സർക്കാരിന്റേയും പങ്കാളിത്തത്തോടെ കാർഷിക വായ്പാ സംഘങ്ങൾക്ക് പുതുതായി എന്തെങ്കിലും സഹായം നൽകിവരുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(ഡി) പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങളുടെ എണ്ണം സംബന്ധിച്ച് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ):

(എ) പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി

1. കുടിശ്ശിക പിരിച്ചെടുക്കാൻ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി.

2. വായ്പ എടുക്കുന്ന അവസരത്തിൽ വായ്പകൾക്കുള്ള ഓഹരി അനുപാതം ഒരുശതമാനമായി കുറച്ചു.

3. 13-3-1995-ലെ ഉത്തരവു പ്രകാരം പ്രവർത്തനം നിലച്ച സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണം/വാണിജ്യ വൈവിദ്ധ്യവൽക്കരണ പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം നൽകുന്നു.

4. പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് സർക്കാരിൽ നിന്നുള്ള ഓഹരി മൂലധനമായി 2 ലക്ഷം രൂപ വീതം അനുവദിച്ചുവരുന്നു.

5. വരൾച്ച ദുരിതാശ്വാസത്തിന്റെ ഭാഗമായി വായ്പകളുടെ തിരിച്ചടവ് കാലാവധി ദീർഘിപ്പിച്ചുനൽകി.

6. കാർഷിക കടാശ്വാസ പദ്ധതിപ്രകാരം ആറുമാസത്തെ കാർഷിക കടങ്ങൾക്കുള്ള പലിശയായി 13.99കോടി രൂപ അനുവദിച്ചു. ഇതിന്റെ തുടർച്ചയായി 23-1-2004 മുതൽ ഒരു കൊല്ലത്തെ പലിശ റീ ഇംബേഴ്സ് ചെയ്തു കൊടുക്കാൻ ഉത്തരവായി.

7. ഗഹാൻ നിയമം പാസ്സാക്കി നടപ്പിൽ വരുത്താൻ നടപടി സ്വീകരിച്ചു. അതുവഴി വായ്പക്കാർക്ക് 4% രജിസ്ട്രേഷൻ/മുദ്രപത്ര ഫീസ് ഇളവ് ലഭ്യമാക്കി.

(ബി) വായ്പാ സംഘങ്ങളുടെ പ്രവർത്തനം വിലയിരുത്തുവാൻ താലൂക്കുതല അവലോകന യോഗങ്ങൾ ആകസ്മിക പരിശോധന, വിശദ പരിശോധന, ധനസഹായ ബില്ലിന്റെ പരിശോധന എന്നിവ നടത്തുന്നുണ്ട്.

(സി) സംയോജിത സഹകരണ വികസന പദ്ധതി പ്രകാരം വിവിധ തരത്തിലുള്ള സാമ്പത്തിക സഹായങ്ങൾ നൽകി വരുന്നു.

(ഡി) 912 പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ നഷ്ടത്തിൽ പ്രവർത്തിച്ചുവരുന്നു.

കെ. എസ്. ആർ. ടി. സി.-യുടെ കടം

*9 [239] ശ്രീ. യു. സി. രാമൻ:
,, സി. മമ്മൂട്ടി:
,, പി. കെ. അബ്ദുറബ്ബ്:
,, ഇ. ടി. മുഹമ്മദ് ബഷീർ:
,, ഇസ്ഹാക്ക് കുരിക്കൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ കെ.എസ്.ആർ.ടി.സി.-യുടെ കടം എത്രയായിരുന്നു;

LIBRARY ARCHIVES Kerala Legislative Assembly